**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4492** **18-03-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ദേവസ്വം ബോർഡ് ആരാധനാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ആരാധനാലയങ്ങൾ ഉണ്ടെന്നും ഇവയ്ക്ക് ക്ഷേത്രക്കുളങ്ങളുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ അമ്പലപ്പുഴ, ഹരിപ്പാട്, മാവേലിക്കര ഗ്രൂപ്പുകളിലായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് ആകെ 114 ആരാധനാലയങ്ങളും 105 ക്ഷേത്രക്കുളങ്ങളുമുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ആരാധനാലയങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്നും അവയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ആലപ്പുഴ മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | തീർത്ഥാടക ടൂറിസം പദ്ധതി മുഖേന പ്രസ്തുത ആരാധനാലയങ്ങളിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തീർത്ഥാടന ടൂറിസം പദ്ധതി മുഖേന ആലപ്പുഴ മണ്ഡലത്തിലെ ആരാധനാലയങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ആലപ്പുഴ മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ.**

അമ്പലപ്പുഴ ഗ്രൂപ്പ്

1. വലിയകലവൂർ ദേവസ്വം ആനക്കൊട്ടിൽ നവീകരണം - **11,20,000/-** രൂപ
2. ചേർത്തല ദേവസ്വം ആഫീസ്, സ്ട്രോംഗ്റൂം നവീകരണം - **7,98,000/-** രൂപ
3. ചേർത്തല ദേവസ്വം നോർത്ത് ഗേറ്റ് നവീകരണം - **94,400/-** രൂപ
4. ചേർത്തല ദേവസ്വം സൗത്ത് ഗ്രൗണ്ട് ഗേറ്റ് നവീകരണം - **94,400/-**രൂപ
5. ചേർത്തല ദേവസ്വം പൂരപ്പറമ്പ് ഗേറ്റ് നവീകരണം - **94,400/-** രൂപ
6. ചേർത്തല ദേവസ്വം ഭജനമഠം നവീകരണം - **8,57,000/-** രൂപ
7. കാമപുരം ദേവസ്വം സദ്യാലയത്തിൽ ഫർണ്ണിച്ചർ ലഭ്യമാക്കുന്നതിന് - **4,29,076/-** രൂപ
8. ആനന്ദേശ്വരം ദേവസ്വം നിലവിലുള്ള സ്റ്റേജ് മേൽക്കൂര നവീകരണം - **1,34,000/-** രൂപ

ഹരിപ്പാട് ഗ്രൂപ്പ്

1. ഹരിപ്പാട് ദേവസ്വത്തിനു ചുറ്റും റോഡ് റീടാർ ചെയ്ത വക - **19,00,000/-**രൂപ.
2. തിരുവിലഞ്ഞാൽ ദേവസ്വത്തിൽ നാലമ്പലം നവീകരണത്തിന്- **9,00,000/-** രൂപ
3. പുളിവേലിൽ ദേവസ്വം തിടപ്പള്ളി നിർമ്മാണം - **13,00,000/-** രൂപ.
4. കീഴ്തൃക്കോവിൽ ദേവസ്വം വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടനിർമ്മാണം - **2,00,000/-** രൂപ

മാവേലിക്കര ഗ്രൂപ്പ്

1. എരുവ ദേവസ്വം വേസ്റ്റ് പ്ലാന്റ് നിർമ്മാണം - **2,60,000/-** രൂപ.
2. പുതിയിടം ദേവസ്വം നടപ്പന്തൽ നിർമ്മാണം - **19,00,000/-** രൂപ.
3. കണ്ണനാകുഴി ദേവസ്വം ആഫീസ് കെട്ടിടം - **9,17,000/-** രൂപ.
4. ചെട്ടികുളങ്ങര ദേവസ്വം ഹൈമാസ്റ്റ് ലൈറ്റ് - **20,00,000/-** രൂപ.
5. പുതുക്കുളങ്ങര ദേവസ്വം കുളം നിർമ്മാണം - **42,00,000/-** രൂപ (ഇറിഗേഷൻ വകുപ്പ്)
6. പത്തിയൂർ ദേവസ്വം ഊട്ടുപുര നവീകരണം - **11,00,000/-** രൂപ.
7. ചെട്ടികുളങ്ങര ദേവസ്വത്തിൽ കാവിന്റെ സൈഡ് മതിൽ കെട്ടിയതിന് **2,50,000/-** രൂപ, ഓട വൃത്തിയാക്കിയതിന് **2,60,000/-** രൂപ, ടോയിലറ്റ് നവീകരണം നടത്തിയതിന് **2,56,000/-** രൂപ
8. ഇലഞ്ഞിമേൽ വള്ളിക്കാവ് ദേവസ്വം വടക്കേനടയിലെ ശ്രീകോവിൽ നിർമ്മാണത്തിന് **1** കോടി **12** ലക്ഷം രൂപ (**40 %** ഉപദേശകസമിതി) .